HON'BLE MR. A. ATCHUTHAN : ഡിപ്പാർട്ടുമെൻറ് കൂടുതൽ സർവീസ് എടുക്കുന്ന കാര്യത്തെക്കുറിച്ചു ആലോചിക്കുമ്പോൾ ഇതേ സംബന്ധിച്ചും ആലോചിക്കുന്നതാണ്.

MR. K. KUTTAPPAN : ഇതുവരെ അതേക്കുറിച്ചു ആലോചിക്കാൻ സമയമായില്ലേ?

HON'BLE MR. A. ATCHUTHAN : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

## കൊച്ചിത്തുറമുഖത്തിറക്കുന്ന ഭക്ഷ്യധാന്യങ്ങൾ.

525. MR. K. KUTTAPPAN : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂറിലെ ആവശ്യത്തിനു കൊച്ചിത്തുറമുഖത്തു് ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ തിരുവിതാംകൂറിലേയ്ക്ക് ഏതുപ്രകാരമാണു കൊണ്ടുവരുന്നതെന്നു് പറയുവാൻ ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : ഓൺസ് പോർട്ട് ജോലിക്ക് ഏർപ്പെടുത്തിയിട്ടുള്ള കൺട്രാക്ടറന്മാർ നൽകുന്ന വള്ളങ്ങളിലും കെട്ടുവള്ളങ്ങളിലുമാണ് സാധാരണയായി കൊണ്ടുവരുന്നതു്. ചിലപ്പോൾ പതേമാരികളിലും കൊണ്ടുവരാറുണ്ടു്.

MR. K. KUTTAPPAN : അങ്ങനെ കൊണ്ടുവരുന്നതുകൊണ്ട് തിരുവിതാംകൂറിലെ തൊഴിലാളിവിഭാഗമായ നാവികതൊഴിലാളികൾക്ക് വളരെ ദാരിദ്ര്യം അനുഭവിക്കേണ്ടിവരുന്നുവെന്ന് ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH : ദാരിദ്ര്യം അതുമൂലം ഉണ്ടാകുന്നുവെന്നു് തീരുമാനിച്ചിട്ടില്ല. പക്ഷേ അവർക്കുകൂടി ജോലി നൽകുന്നതിന് വ്യവസ്ഥ ചെയ്താൽ അതു് ഉപകാരപ്രദമായിരിക്കുമെന്നു് അറിയാം.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : അതേ സംബന്ധിച്ചു ഗവണ്മെൻറ് വേണ്ട അന്വേഷണം നടത്തുമോ?

HON'BLE MR. K. M. KORAH : നടത്താം.

MRS. DEVAKI GOPIDAS (*Kottayam I—General*) : ഇങ്ങനെ കൊണ്ടുവരുന്ന ഭക്ഷ്യധാന്യങ്ങൾ ധാരാളം വഴിക്ക് ചോർന്നുപോകുന്നതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. M KORAH : ഇതുവരെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ടതു ചെയ്യാം.

MRS. DEVAKI GOPIDAS : എന്നാൽ അങ്ങനെ ഉണ്ടാകുന്നുണ്ടെന്നു് ഞാൻ ഗവണ്മെൻറിനെ ധരിപ്പിച്ചുകൊള്ളുന്നു.

MR. ABDUL AZIZ (*Trivandrum I—Muslim*) : ബാർജ്ജുകളിൽ അരി കൊണ്ടുവരുന്നുവെന്ന വ്യാജേന പെട്രോൾ വാങ്ങി ബ്ലാക്കുമാർക്കറ്റിൽ വിറ്റിട്ടു് വള്ളങ്ങളിൽ അരികൊണ്ടുവരുന്നതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH : അങ്ങിനെ ഇതുവരെ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. അതെങ്കിലും ദൃഷ്ടിയിൽപ്പെടുത്തിയാൽ വേണ്ടതു് ചെയ്യുന്നതാണു്.

*Paddy commandeering.*

526. MR. D. PONNIAH (*Agastheeswaram—Paraya Reserved*): Will the Hon'ble Minister for Food be pleased to state:

(*a*) whether there is any intention of making paddy procurement in 1124;

(*b*) what is the probable limit of the extend of holding so that paddy will not be procured from holders thereof;

(*c*) whether there is any intention of procuring paddy from those who cultivate lands on lease;

(*d*) at what rate per acre will the procurement be made?

HON'BLE MR. K. M. KORAH : ഇതു സംബന്ധിച്ചുള്ള ഗവണ്മെൻറു നയം ഇന്നലെ വിശദമാക്കി. അതു ബഹുമാനപ്പെട്ട മെമ്പറന്മാർ മനസ്സിലാക്കിക്കാണുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതുസംബന്ധിച്ചു ഒരു സ്റ്റേറുമെൻറ് പുറപ്പെടുവിച്ചാൽകൊള്ളാമെന്നുണ്ടു്.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*): കമ്മ്യൂണിട്ടെമിൽ സ്റ്റേറുമെൻറാകാമോ?

MR. PRESIDENT : ധാരാളമാകാം.

HON'BLE MR. K. M. KORAH : This is what I want to inform the House on the food position.

In introducing the budget for the year 1124 M. E., the Prime Minister had stated that the Government's plan to adopt a policy of partial and cautious decontrol of foodgrains would have to be considered in relation to the All-India policy of the Central Government in this regard before a final decision could be taken, and that provided there was no variance with the Central Government's plan Government were considering the possibility of introducing with proper safeguards in certain taluks in the State. Since then, intimation has been received from the Ministry of Food, Government of



LIBRARY ARCHIVES Kerala Legislative Assembly